ഉത്തരം

എ.ഡി.ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായമായിട്ടാണ് സംസ്ഥാനത്തിന് വായ്പ ലഭിക്കുന്നത്. ഇതിന്റെ 70 ശതമാനം വായ്പയും 30 ശതമാനം ഗ്രാന്റുമാണ്. വായ്പയായി ലഭിക്കുന്ന തുകയ്ക്ക് കാലാ കാലം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പലിശ സംസ്ഥാനം നൽകേ ണ്ടതുണ്ട്. നിലവിലുള്ള പലിശനിരക്ക് 10.5 ശതമാനം ആണ്. 2004-05 കേന്ദ്ര ബഡ്ജറ്റിൽ നിരക്ക് 9 ശതമാനം ആയി കുറച്ചിട്ടുണ്ട്.

കാപ്പക്സിന് ബാങ്ക് വായ്പ

5 [2868] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാപ്പക്സിന് ബാങ്ക് വായ്പ ലഭ്യമാക്കാൻ ബാങ്ക് ഗ്യാരന്റി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

എസ്.ബി.റ്റി.-യുടെ കൊല്ലം ശാഖയിൽ നിന്നും Packing Credit Limit, Letters of Credit എന്നീ ഇനങ്ങളിൽ സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കാപ്പക്സ് 14 കോടി രൂപ കടമെടുത്തിട്ടുണ്ട്. സർക്കാർ ഗ്യാരന്റിയുടെ കാലാവധി 31-12-2003-ന് അവസാനിച്ചു. ഇത് ഒരു വർഷത്തേക്കുകൂടി പുതുക്കി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ദേശീയ സമ്പാദ്യ പദ്ധതിയിലെ നിക്ഷേപം

6 [2869] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003-2004 സാമ്പത്തിക വർഷം വരെ കേരളത്തിൽ ദേശീയ സമ്പാദ്യ പദ്ധതി വഴി എത്ര കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്?

ഉത്തരം

2003-2004 സാമ്പത്തിക വർഷം വരെ കേരളത്തിൽ ദേശീയ സമ്പാദ്യ പദ്ധതി വഴി 23677.57 കോടി രൂപ മൊത്ത നിക്ഷേപമായും 10116.98 കോടി രൂപ മിച്ച നിക്ഷേപമായും ലഭിച്ചിട്ടുണ്ട്.

വിറ്റുവരവ് നികുതിയിനത്തിലുള്ള വരുമാനം

7 [2870] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിറ്റുവരവ് നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് 2001-02, 2002-03, 2003-04 വർഷങ്ങളിലായി എന്തു തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly